**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2612** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകാരികൾക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകാരികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകാരികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**(i) സഹകാരി സാന്ത്വനം പദ്ധതി**<br><br>സഹകരണ രംഗത്ത് (സർക്കിൾ, താലൂക്ക്)/ ജില്ല/ സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് ചികിത്സക്കായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തന വൈകല്യം കാരണം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം.<br><br>**(2) അംഗ സമാശ്വാസ പദ്ധതി**<br><br>ഈ പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്നവർ/ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഉദരത കരൾ |

| | | | |
|---|---|---|---|
| | | | രോഗം ബാധിച്ചവർ, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ ബൈപ്പാസ് സർജറി), എച്ച്.ഐ.വി ബാധിതർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ എന്നിവരാണ് പദ്ധതിക്ക് അർഹരായിട്ടുള്ളത്.<br><br>**(3) റിസ്ക് ഫണ്ട് പദ്ധതി**<br><br>കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുകയോ/ മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ വായ്പാക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾക്ക് വിധേയമായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും മരണാനന്തര ധനസഹായം/ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. വായ്പാക്കാരൻ മരണപ്പെട്ടാൽ അന്നേ ദിവസം ബാക്കിനിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി **മൂന്ന് ലക്ഷം രൂപയും,** വായ്പ എടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാധനസഹായമായി ഒരുലക്ഷത്തിഇരുപത്തി അയ്യായിരം രൂപയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ബോർഡിൽ നിന്നും അനുവദിച്ചു വരുന്നു.<br><br>**(4) നിക്ഷേപ ഗ്യാരന്റി സ്കീം**<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നല്കുന്നത്. |
| (ബി) | സഹകരണ മേഖലയിൽ സഹകാരികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ